# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *339 — 31.01.2014-ലെ മറുപടിക്ക്

## സഹകരണ ബാങ്കിംഗ് മേഖലയേയും സേവന മേഖലയേയും ഒരുമിച്ചുകൊണ്ടുപോകുന്നതിനായുള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. സി.പി. മുഹമ്മദ് :**<br>**ശ്രീ. കെ. മുരളീധരൻ :** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയേയും സേവന മേഖലയേയും ഒരുമിച്ചുകൊണ്ടുപോകാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ ബാങ്കുകൾക്ക് സേവന മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥയില്ല. സംസ്ഥാനതലത്തിൽ ധനസഹായ ബാങ്കായി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കും ജില്ലാ തലത്തിൽ ധനസഹായ ബാങ്കായി പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളും സേവന മേഖലയിൽ പ്രവർത്തിക്കുന്നതും അഫിലിയേഷൻ ഉള്ളതുമായ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. ആയതിനാൽ സഹകരണ ബാങ്കിംഗ് മേഖലയെയും സേവന മേഖലയെയും ഒരുമിച്ച് കൊണ്ടു പോകാൻ പ്രത്യേക കർമ്മ പരിപാടി ആസൂത്രണം ചെയ്യേണ്ടതില്ല. |
| ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിൽ എൻട്രി 45 പ്രകാരം 'ബാങ്കിംഗ്' എന്നത് കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തേണ്ട വിഷയമാണ്. ഭരണ ഘടനയുടെ അനുഛേദം 246(1) പ്രകാരം 'ബാങ്കിംഗ്' എന്ന വിഷയത്തിൽ പാർലമെന്റാണ് നിയമം പാസ്സാക്കേണ്ടത്. നിലവിലുള്ള ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹക |

രണ സംഘങ്ങൾക്ക് ബാങ്കിംഗ് പ്രവർത്തനത്തിൽ നിർദ്ദേശം നൽകാനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും നബാർഡിനുമാണ്. സഹകരണ സംഘങ്ങളിൽ അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം ഭേദഗതി നിയമം 2013(2013 ലെ 8-ാം നമ്പർ നിയമം)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ തമ്മിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥയും 2013 ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 14 ബി-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലില്ല.

ഡി) ഇതുവഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം നൽകുമോ?

ഡി) 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമ പ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയറി സ്ഥാപനങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും കഴിയും. രാജ്യത്തെ ബാങ്കിംഗ് നിയമം വിവക്ഷിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾക്ക് മേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾ പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**